# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3487 30-01-2014-ലെ മറുപടിയ്ക്ക്

## പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ റ്റി. ജോർജ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |

(എ) സംസ്ഥാനത്ത് പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡ് ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ചുമതല ഐ. എം. ജി. യെ ഏൽപ്പിക്കുകയും 2012 ലെ അവാർഡ് ഐ.എം.ജി.യിൽ വച്ച് നടന്ന ചടങ്ങിൽ 2013 ഡിസംബർ 2-ന് വിതരണം ചെയ്യുകയും ചെയ്തു.

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സർക്കാർ നടപടി ക്രമങ്ങൾ ലഘൂകരിക്കുക, പൊതുസേവനങ്ങൾ വേഗത്തിലും, കൃത്യമായും ലഭ്യമാക്കുക, പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ

(സി) ഏതെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

ഡി) പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

(സി) യും (ഡി) യും സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് യൂണിറ്റുകൾ, പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് (NGOs) എന്നീ സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ സ്വീകരിക്കുന്നു. ഡവലപ്മെന്റൽ ഇന്റർവെൻഷൻസ്, പേഴ്സണൽ മാനേജ്മെന്റ്, പബ്ലിക് സർവ്വീസ് ഡെലിവറി, പ്രൊസീഡ്യുറൽ ഇന്റർവെൻഷൻസ് എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. ഡവലപ്മെന്റൽ

ഇന്റർവെൻഷൻസ് വിഭാഗത്തിൽ വനം വകുപ്പിന്റെ പറമ്പിക്കുളത്തെ വനം വികസന ഏജൻസി പറമ്പിക്കുളം കടുവാസങ്കേതത്തിൽ ജനങ്ങളെ ഒഴിവാക്കാതെ നടത്തിയ മാനേജ്മെന്റ് അവാർഡിന് തെരഞ്ഞെടുത്തു. പേഴ്സണൽ മാനേജ്മെന്റ് വിഭാഗത്തിൽ അനുയോജ്യമായ എൻട്രി ലഭിക്കാതിരുന്ന തിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകിയില്ല. പബ്ലിക് സർവീസ് ഡെലിവറി വിഭാഗത്തിൽ പാലക്കാട് ജില്ലാ പോലീസ് വനിതാസെല്ലും, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും അർഹരായി. വിദ്യാർത്ഥികളെ മാനസിക പിരിമുറുക്കത്തിൽ നിന്ന് മോചിതരാക്കുന്ന കൗൺസിലിങ്ങുകൾ, സ്ത്രീസൗഹൃദ പരിപാടികൾ, ബോധവൽ ക്കരണ യജ്ഞങ്ങൾ തുടങ്ങിയ പരിപാടി കൾക്കാണ് പാലക്കാട് ജില്ലാ പോലീസ് വനിതാ സെല്ലിന് അവാർഡ്. പരാതികൾ കൂടാതെയും പരിസര മലിനീകരണം ഇല്ലാതെയും ഖരമാലിന്യ സംസ്ക്കരണം വിജയകരമായി നടത്തിയതടക്കമുള്ള പരിപാടി കളാണ് ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയെ അവാർഡിനർഹമാക്കിയത്. പ്രൊസീഡുറൽ ഇന്റർവെൻഷൻസ് വിഭാഗത്തിൽ സുതാര്യമായ രീതിയിൽ, ന്യായമായ വിലയിൽ ജനങ്ങൾക്ക് നിർമ്മാണാവശ്യങ്ങൾക്ക് മണൽ ലഭ്യമാക്കിയതിലൂടെ കാസർകോട് ജില്ലാ ഭരണ കൂടത്തിന്റെ നിർമ്മാൺ @കാസർകോട് എന്ന ഓൺലൈൻ ഇ-മണൽ പദ്ധതി അവാർഡിന് അ ർഹമായി.

2012-ലെ അവാർഡുകൾ, ഐ.എം.ജി.യിൽ വച്ച് നടന്ന ചടങ്ങിൽ 2013 ഡിസംബർ 2 ന് വിതരണം ചെയ്തു. അഞ്ച് ലക്ഷം രൂപയും, സർട്ടിഫിക്കറ്റും പ്രശംസാ പത്രവുമാണ് അവാർഡ്. 2013 ലെ അവാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ